**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5163** **02-11-2021 - ൽ മറുപടിയ്ക്ക്**

**മടപ്പള്ളി കോളേജിൽ മലയാളം ബിരുദ-ബിരുദാനന്തര കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വടകര മേഖലയിലെ ഏക സർക്കാർ കോളേജായ മടപ്പള്ളി കോളേജിൽ മലയാളം ഐശ്ചിക വിഷയമായി ഡിഗ്രി, പി.ജി. കോഴ്സുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്; മടപ്പള്ളി കോളേജിൽ മലയാളം ഡിഗ്രി ,പിജി കോഴ്സുകൾ നിലവിൽ അനുവദിച്ചിട്ടില്ല . |
| (ബി) | ഇക്കാരണത്താൽ മാതൃഭാഷയിലെ ഉന്നത പഠനത്തിനും മാതൃഭാഷയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നതിനുമുള്ള അവസരം പ്രദേശത്തെ വിദ്യാർത്ഥികൾക്ക് നഷ്ടമാകുമെന്ന് കരുതുന്നുണ്ടോ; | (ബി) | മടപ്പള്ളി കോളേജിൽ ഡിഗ്രി, പിജി മലയാളം കോഴ്സുകൾ നിലവിൽ ഇല്ലെങ്കിലും കോഴിക്കോട് ജില്ലയിൽ 3 സർക്കാർ കോളേജിൽ മലയാളം ഡിഗ്രി കോഴ്സും ഒരു കോളേജിൽ മലയാളം പിജി കോഴ്സും ഉണ്ട് കൂടാതെ എയ്ഡഡ് മേഖലയിൽ കോഴിക്കോട് ജില്ലയിൽ നാല് കോളേജുകളിൽ മലയാളം ഡിഗ്രി കോഴ്സും മൂന്ന് കോളേജുകളിൽ മലയാളം പിജി കോഴ്സും ഉണ്ട്. ഇക്കാരണത്താൽ മാതൃഭാഷ പഠനത്തിന് വിദ്യാർത്ഥി കൾക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നില്ല. |
| (സി) | എങ്കിൽ വടകര മേഖലയിലെ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലുള്ള വിദ്യാർഥികൾക്ക് കൂടി മാതൃഭാഷയിൽ ഉന്നത പഠനം നടത്തുന്നതിനായി മടപ്പള്ളി ഗവൺമെന്റ് കോളേജിൽ മലയാളം ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സർക്കാർ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ